**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ ഭൂമിയുടെ പാട്ടക്കരാറിൽ സർവകലാശാല ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട് . കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിനു കെട്ടിടം പണിയുന്നതിനായി പാട്ടത്തിനനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ സർവ്വേ നമ്പർ 83-ൽപ്പെട്ട 0.4148 ഹെക്ടർ ഭൂമിയുടെ പാട്ടക്കരാർ സർവകലാശാല രജിസ്ട്രാറും തൃശ്ശൂർ ജില്ലാ കലക്ടറും തമ്മിൽ 09.07.2024-ന് ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് എൻ.സി.ടി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) നിഷ്കർഷിക്കുന്ന പ്രകാരമുള്ള കെട്ടിടം പണിയുന്നതിന് സർവകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | തീരുമാനമെടുത്തിട്ടുണ്ട്. ബിൽഡിംഗ് പ്ലാനിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ സർവകലാശാല തലത്തിൽ സ്വീകരിച്ചുവരുന്നു. അതോടൊപ്പം തന്നെ വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കി വരികയുമാണ് . |

സെക്ഷൻ ഓഫീസർ